# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **390**

28-05-2019 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ.ടി. വി. ഇബ്രാഹിം :
ശ്രീ.പി.കെ.ബഷീർ :
ഡോ.എം.കെ.മുനീർ :

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിഴിഞ്ഞം രാജ്യാന്തര തുറമുഖനിർമ്മാണം പൂർത്തിയാക്കാനുള്ള സമയ പരിധി വർദ്ധിപ്പിച്ചു നൽകണമെന്ന് അദാനി ഗ്രൂപ്പ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും ഉണ്ട്. പദ്ധതി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ചു നൽകണമെന്ന ആവശ്യവുമായി 4 അവസരങ്ങളിലാണ് അദാനി കമ്പനി സർക്കാരിനെ സമീപിച്ചിട്ടുള്ളത്. ഇവയുടെ കാരണങ്ങൾ താഴെ വിവരിക്കുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഇതിനായി അദാനി ഗ്രൂപ്പ് ഉന്നയി ച്ചിട്ടുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | 1. 2017 ഒക്ടോബർ മാസത്തിൽ പദ്ധതി പ്രദേശത്ത് പൈലിംഗ് ടെസ്റ്റ് നടത്തവേ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചെന്ന ആക്ഷേപവുമായി പ്രദേശ നിവാസികൾ പത്ത് ദിവസത്തോളം പദ്ധതി പ്രദേശത്ത് പ്രതിഷേധം നടത്തിയതിനാൽ ടി ദിവസങ്ങളിൽ തുറമുഖ നിർമ്മാണ പ്രവൃത്തികൾ തുടരാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ സമയം ദീർഘിപ്പിച്ച് നൽകണമെന്നും അദാനി കമ്പനി ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം അംഗീകരിക്കാൻ സാധ്യമല്ലായെന്ന് പദ്ധതിയുടെ Independent Engineer (IE) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യം നിരസിച്ചതായി അദാനി കമ്പനിയെ അറിയിച്ചിട്ടുണ്ട്.<br>2. 2017 നവംബറിലെ ഓഖി ചുഴലിക്കാറ്റിൽ ഡ്രെഡ്ജറുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ അവ നന്നാക്കി പണികൾ പുനരാരംഭിക്കാൻ കാലതാമസം നേരിട്ടതിനാൽ പദ്ധതിയുടെ നിർമ്മാണ കാലയളവ് 16 മാസം ദീർഘിപ്പിച്ചു നൽകണമെന്ന് നിർമ്മാണ കമ്പനി ആവശ്യപ്പെടുകയുണ്ടായി. പദ്ധതിയുടെ Independent Engineer (IE) ഈ അവകാശവാദം പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അദാനി കമ്പനിയുടെ ആവശ്യം നിരസിക്കുകയുണ്ടായി. |

3. 2018 ജൂലൈ മാസത്തിൽ ഉണ്ടായ രണ്ട് ദിവസത്തെ കടൽക്ഷോഭം നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിച്ചതിനാൽ കാലാവധി നീട്ടിനൽകണമെന്ന നിർമ്മാണ കമ്പനിയുടെ ആവശ്യത്തിൻമേൽ Independent Engineer ടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അവരുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

4. പാറ ഖനനത്തിനായുള്ള പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട് 2018 ഡിസംബറിൽ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ (NGT) പുറപ്പെടുവിച്ച ഉത്തരവ് കാരണം ഖനനാനുമതികൾ നേടിയെടുക്കുവാൻ കാലതാമസം നേരിടുന്നതിനാൽ പദ്ധതി പൂർത്തീകരിക്കാൻ കൂടുതൽ സമയം വേണ്ടിവരുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിയമവിദഗ്ദ്ധർ പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വാദം നിരസിച്ചതായി അദാനി കമ്പനിയെ അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കരാർ കാലയളവിനുള്ളിൽ തുറമുഖ നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ? | (സി) | പദ്ധതിക്കാവശ്യമായ പാറ കണ്ടെത്തേണ്ടത് കൺസഷനയറുടെ ചുമതലയാണ്. എന്നാൽ പ്രതീക്ഷിച്ച അളവ് പാറ ലഭിക്കാത്തതിനാൽ സ്വന്തമായി ക്വാറികൾ സ്ഥാപിച്ച് പാറ സംഭരിക്കുന്നതിനുള്ള നടപടികൾ അദാനി കമ്പനി സ്വീകരിച്ചുവരികയാണ്. ഈ അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് അനുമതികൾ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനു സമാന്തരമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും പാറ കൊണ്ടു വരുന്നതിനുള്ള ശ്രമങ്ങളും അദാനി കമ്പനി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ